പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1518

21-3-2012 ൽ മറുപടിക്ക്

## സിഡിറ്റിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. എം. ഷാജി | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) | സിഡിറ്റിൽ താൽക്കാലിക ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ റഗുലറൈസ് ചെയ്യുന്നതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യു. പി.(സി) 15333/05. ഡബ്ല്യു. പി (സി) 33306/05 - ാം നമ്പരായി ഫയൽ ചെയ്തിരുന്ന കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | എ) | W.P(c) No. 15333/05 എന്ന കേസ് പിൻവലിച്ചുകൊണ്ടുള്ള ഉത്തരവായിട്ടുണ്ട്. W.P (c) No. 33306/05 എന്ന കേസ് അന്തിമവിധിക്കായി ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| ബി) | പ്രസ്തുത കേസുകളിൻമേൽ സിഡിറ്റ് മാനേജ്മെന്റ് എന്നാണ് എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുള്ളത്; എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാതിരുന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | ബി) | W.P(c) No. 15333/05 നുള്ള എതിർ സത്യവാങ്മൂലം 2005 ജൂലൈ 18-ാം തീയതി ഫയൽ ചെയ്തിട്ടുണ്ട്. W.P (c) No. 33306/05 ന്റെ എതിർ സത്യവാങ്മൂലം നൽകിയതിനെക്കുറിച്ച് വിവരം ശേഖരിച്ചു വരുന്നു. |
| സി) | ഈ കേസുകൾ നിലനിൽക്കേ എത്ര ജീവനക്കാർക്ക് സർക്കാർ 29-9-2008 ലെ 222/08/പി.ആർ.ഡി. നമ്പർ ഉത്തരവു പ്രകാരം സിഡിറ്റ് റഗുലറൈസേഷൻ നൽകിയിട്ടുണ്ട്. | സി) | 2000 ൽ സിഡിറ്റിന്റെ ഗവേണിംഗ്ബോഡി തീരുമാനിച്ച് സ്ഥിരപ്പെടുത്തിയ ജീവനക്കാരിൽ നിലവിലുള്ള 55 പേരുടെ സ്ഥിരപ്പെടുത്തലിനുള്ള അംഗീകാരമാണ് പ്രസ്തുത ഉത്തരവു വഴി സർക്കാർ നൽകിയത്. |
| ഡി) | റഗുലറൈസേഷൻ നൽകിയതിൽ എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ഡി) | ഉണ്ട്. സിഡിറ്റ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി ബഹു. കോടതി തടയുകയോ ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകളോ പുറപ്പെടുവിച്ചിരുന്നില്ല. |
| ഇ) | ജീവനക്കാരെ മുൻകാല പ്രാബല്യ-ത്തോടെ റഗുലറൈസ് ചെയ്യുന്ന കീഴ് വഴക്കം സിഡിറ്റിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി റഗുലറൈസ് ചെയ്യുന്ന ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ റഗുലറൈസ് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ. | ഇ) | ഉണ്ട്. |
| എഫ്) | സിഡിറ്റിലെ റഗുലർ ജീവനക്കാരുടെ സർവീസ് സംബന്ധിച്ച എന്തൊക്കെ വിഷയങ്ങളാണ് ഇനി പരിഹരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | എഫ്) | അസസ്സ്മെന്റ് പ്രൊമോഷൻ, ജോലിയിൽ പ്രവേശിച്ച തീയതി മുതലുള്ള മുൻകാല പ്രാബല്യവും അതിനനുസൃതമായ ആനുകൂല്യങ്ങളും സംബന്ധിച്ചാണ് ഇനി പരിഹാരം ഉണ്ടാകാനുള്ളത്. |

| | | | |
|---|---|---|---|
| ജി) | സിഡിറ്റിലെ ജീവനക്കാർക്ക് പ്രൊമോഷൻ പോളിസി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | ജി) | സിഡിറ്റിലെ സി.എസ്.ഐ. ആർ. നിരക്കിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് ജി.ഒ (എം.എസ്) നം. 17/2003/സി.എ.ഡി 12/5/2003 പ്രകാരം അംഗീകരിച്ച സിഡിറ്റ് സർവീസ് റൂൾസിൽ പ്രൊമോഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് ജീവനക്കാർക്ക് സംസ്ഥാന സർക്കാരിന്റെ പ്രൊമോഷൻ ചട്ടങ്ങൾ ബാധകമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പുതിയ പ്രൊമോഷൻ പോളിസി നടപ്പിലാക്കുന്നതിന് പഠനത്തിനായി സി.എം.ഡി.യെ (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) ഏൽപ്പിച്ചിരിക്കുകയാണ്. |
| എച്ച്) | സിഡിറ്റിലെ കരാർ ജീവനക്കാരെ ഘട്ടംഘട്ടമായി റഗുലറൈസ് ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ? | എച്ച്) | സിഡിറ്റ് ഭരണസമിതിയായ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് ജീവനക്കാരെ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത്. ഇതിന് സർക്കാരിന്റെ അംഗീകാരവും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ